REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 14-05-2025 സമയം 12.30 PM

## പ്രധാന വാർത്തകൾ

- **രാഷ്ട്രപതി ദ്രൗപതി മുർമുവിനെ സന്ദർശിച്ച് സേനാ മേധാവികൾ ഓപ്പറേഷൻ സിന്ദൂറിനെ കുറിച്ച് വിശദീകരണം നൽകി.**
- **അതിർത്തി കടന്നതിന്റെ പേരിൽ കഴിഞ്ഞ മാസം 23ന് പാകിസ്ഥാൻ റെയ്ഞ്ചേഴ്സ് പിടികൂടിയ BSF ജവാൻ പൂർണംകുമാർ ഷാവിനെ മോചിപ്പിച്ചു.**
- **ജസ്റ്റിസ് ഭൂഷൺ രാമകൃഷ്ണ ഗവായ് ഇന്ത്യയുടെ 52-ാമത് ചീഫ് ജസ്റ്റിസായി സ്ഥാനമേറ്റു.**
- **സംസ്ഥാനത്തെ ഹയർസെക്കൻഡറി ഒന്നാം വർഷ പ്രവേശനത്തിന് അപേക്ഷകൾ ഇന്ന് വൈകിട്ട് നാല് മുതൽ സമർപ്പിക്കാം.**
- **ഖേലോ ഇന്ത്യ യൂത്ത് ഗെയിംസ് - മഹാരാഷ്ട്ര മുന്നേറ്റം തുടരുന്നു.**

## വാർത്തകൾ വിശദമായി

രാഷ്ട്രപതി ദ്രൗപതി മുർമുവിനെ സന്ദർശിച്ച് സേനാ മേധാവികൾ ഓപ്പറേഷൻ സിന്ദൂറിനെ കുറിച്ച് വിശദീകരണം നൽകി. സംയുക്ത സേനാ മേധാവി ജനറൽ അനിൽ ചൗഹാൻ, കരസേനാ മേധാവി ജനറൽ ഉപേന്ദ്ര ദ്വിവേദി, വ്യോമസേനാ മേധാവി AP സിംഗ് , നാവിക സേനാ മേധാവി അഡ്മിറൽ ദിനേശ് ത്രിപാഠി എന്നിവരാണ് രാഷ്ട്രപതിയെ അല്പം മുമ്പ് സന്ദർശിച്ചത്. ഭീകരതയ്ക്കെതിരായ ഇന്ത്യയുടെ പ്രതികരണത്തെ മികച്ച വിജയമാക്കി മാറ്റിയ സായുധ സേനയുടെ ധീരതയേയും സമർപ്പണത്തെയും രാഷ്ട്രപതി അഭിനന്ദിച്ചു.

✪✪✪

അതിർത്തി കടന്നതിന്റെ പേരിൽ കഴിഞ്ഞ മാസം 23ന് പാകിസ്ഥാൻ റെയ്ഞ്ചേഴ്സ് പിടികൂടിയ BSF ജവാൻ പൂർണംകുമാർ ഷാവിനെ മോചിപ്പിച്ചു. പഞ്ചാബിലെ ഫിറോസ്പൂർ സെക്ടറിലാണ് പൂർണംകുമാർ അബദ്ധത്തിൽ അന്താരാഷ്ട്ര അതിർത്തി കടന്നത്. അമൃത്സറിലെ അട്ടാരി സംയുക്ത ചെക്ക്പോസ്റ്റിൽ പൂർണം കുമാറിനെ രാവിലെ ഇന്ത്യക്ക് കൈമാറി. കൈമാറ്റച്ചടങ്ങ് പ്രശ്നരഹിതവും അതിർത്തി മര്യാദകൾ പാലിച്ചുമായിരുന്നുവെന്നും സേനാകേന്ദ്രങ്ങൾ അറിയിച്ചു.

✪✪✪

കനേഡിയൻ വിദേശകാര്യമന്ത്രിയായി സത്യപ്രതിജ്ഞ ചെയ്ത അനിത ആനന്ദിന് വിദേശകാര്യമന്ത്രി ഡോ. S. ജയശങ്കർ ആശംസകൾ നേർന്നു. കൂടുതൽ സുരക്ഷിതവും നീതിയുക്തവുമായ ലോകം കെട്ടിപ്പടുക്കുന്നതിന് കഴിയുമെന്ന് സത്യപ്രതിജ്ഞയ്ക്ക് ശേഷം അനിത ആനന്ദ് പറഞ്ഞതിനെ ജയശങ്കർ സാമൂഹിക മാധ്യമത്തിൽ അഭിനന്ദിച്ചു.

✪✪✪

ജസ്റ്റിസ് ഭൂഷൺ രാമകൃഷ്ണ ഗവായ് ഇന്ത്യയുടെ 52-ാമത് ചീഫ് ജസ്റ്റിസായി സ്ഥാനമേറ്റു. രാഷ്ട്രപതി ഭവനിൽ സംഘടിപ്പിച്ച പ്രത്യേക ചടങ്ങിൽ രാഷ്ട്രപതി ദ്രൗപതി മുർമു അദ്ദേഹത്തിന് പ്രതിജ്ഞാവാചകം ചൊല്ലിക്കൊടുത്തു. ഉപരാഷ്ട്രപതി ജഗ്ദീപ് ധൻകർ, പ്രധാനമന്ത്രി നരേന്ദ്ര മോദി, കേന്ദ്രമന്ത്രിമാർ, സുപ്രീം കോടതി ജഡ്ജിമാർ തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു.

✪✪✪

രാഷ്ട്രപതി ദ്രൗപതി മുർമു UPSC ചെയർമാനായി ഡോ. അജയ്കുമാറിനെ നിയമിച്ചു. 1985 ലെ കേരള കേഡർബാച്ചിലെ IAS ഉദ്യോഗസ്ഥനായി വിരമിച്ച ഡോ. അജയ്കുമാർ 2019 മുതൽ 2022 ഒക്ടോബർ വരെ കേന്ദ്ര രാജ്യരക്ഷാ സെക്രട്ടറിയായി സേവനം അനുഷ്ഠിച്ചിട്ടുണ്ട്.

✪✪✪

ക്ഷയരോഗ നിർമാർജനത്തിന് രാജ്യവ്യാപകമായി വിജയകരമായ തന്ത്രങ്ങൾ വികസിപ്പിക്കണമെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി ആഹ്വാനം ചെയ്തു.ന്യൂഡൽഹിയിൽ ദേശീയ ക്ഷയരോഗ നിർമ്മാർജ്ജന പരിപാടിയുടെ ഉന്നത തല യോഗത്തിൽ സംസാരിക്കുകയായിരുന്നു പ്രധാനമന്ത്രി. ക്ഷയരോഗം നേരത്തെ കണ്ടെത്തുന്നതിലും ചികിൽസിക്കുന്നതിലും കഴിഞ്ഞ വർഷം കൈവരിച്ച പുരോഗതിയെ പ്രശംസിച്ച നരേന്ദ്രമോദി രാജ്യത്തു നിന്നും ക്ഷയരോഗം ഇല്ലതാക്കുന്നതിലെ ഇന്ത്യയുടെ പ്രതിബദ്ധത ആവർത്തിച്ചു.

✪✪✪

സംസ്ഥാനത്തെ റെയിൽവെ വികസന വിഷയങ്ങൾ ചർച്ച ചെയ്യാൻ എം പിമാരുടെ യോഗം നാളെയും മറ്റന്നാളുമായി ചേരും. ഡിവിഷണൽ അടിസ്ഥാനത്തിലാണ് യോഗം. പാലക്കാട് ഡിവിഷൻ പരിധിയിലെ എംപിമാരുടെ യോഗം നാളെ പാലക്കാട്ടും തിരുവനന്തപുരം ഡിവിഷനിലേത് മറ്റന്നാൾ തിരുവനന്തപുരത്തുമാണ്.

✪✪✪

വയനാട് മുണ്ടക്കൈ-ചൂരൽമല ഉരുൾപൊട്ടൽ ദുരന്തബാധിതർക്ക് ഏപ്രിൽ മാസത്തെ വീടുകളുടെ വാടക ഇന്ന് മുതൽ നൽകും. 545 ദുരന്തബാധിത കുടുംബങ്ങൾക്കാണ് വീട്ടുവാടക കൈമാറുന്നത്. സ്ഥിരം പുനരധിവാസം യാഥാർത്ഥ്യമാകും വരെ ഒരു കുടുംബത്തിന് മാസം 6000 രൂപയാണ് നൽകുന്നത്. ഗവൺമെന്റ് ക്വോർട്ടേഴ്സുകളിൽ താമസിക്കുന്നവരൊഴികെ ആളുകൾക്കാണ് വാടക ലഭ്യമാക്കുന്നത്.

✪✪✪

വിവിധ സംസ്ഥാനങ്ങളിൽ ഒരേ നമ്പറിൽ നൽകിയിരുന്ന വോട്ടർ തിരിച്ചറിയൽ കാർഡുകൾ ഇരട്ടിപ്പ് ഒഴിവാക്കാൻ കേന്ദ്ര തെരഞ്ഞെടുപ്പു കമ്മിഷൻ പുതുക്കി. ഇരുപതു വർഷമായി തുടരുന്ന പ്രശ്നത്തിനാണ് ഇതോടെ കമ്മിഷൻ പരിഹാരം കണ്ടത്.az

രാജ്യത്തെ 99 കോടിയിലധികം വോട്ടർ മാരുടെയും മുഴുവൻ വിവരങ്ങളും പരിശോധിച്ചതിന് ശേഷമാണ് ഇരട്ടിപ്പ് കണ്ടെത്തിയത്.

✪✪✪

ഓപ്പറേഷൻ സിന്ദൂറിലൂടെ പാക് ഭീകരതയ്ക്ക് ശക്തമായ സന്ദേശം നൽകിയ ഇന്ത്യൻ സൈന്യത്തിനും പ്രധാനമന്ത്രി നരേന്ദ്രമോദിക്കും അഭിവാദ്യം അർപ്പിച്ചു ബി ജെ പി യുടെ നേതൃത്വത്തിൽ ഇന്ന് തിരുവനന്തപുരത്ത് ത്രിവർണ്ണ സ്വാഭിമാന യാത്ര സംഘടിപ്പിക്കും. വൈകിട്ട് അഞ്ചിന് മ്യൂസിയം ജങ്ഷനിൽ നിന്നാരംഭിക്കുന്ന തിരംഗാ യാത്രയിൽ വിമുക്ത ഭടന്മാരും ദേശസ്നേഹികളും അണിചേരും.. കാർഗിൽ വീരയോദ്ധാവ് മേജർ ജെറി പ്രേം രാജിന്റെ മാതാവ് അടക്കം ത്രിവർണ്ണ സ്വാഭിമാന യാത്രയിൽ അണിചേരും. സംസ്ഥാനത്ത് എല്ലാ, ജില്ലാ, മണ്ഡലം, പഞ്ചായത്ത് തലങ്ങളിലും ദേശസ്നേഹികൾ ത്രിവർണ്ണ സ്വാഭിമാന യാത്രകൾ സംഘടിപ്പിക്കുന്നുണ്ട്.

✪✪✪

ഇന്ന് കോഴിക്കോട് ആകാശവാണി നിലയത്തിന്റെ 76-ാം പിറന്നാൾ ദിനം. സാർത്ഥകവും സർഗാത്മകവുമായ പ്രക്ഷേപണത്തിന്റെ 75 വർഷങ്ങൾ കോഴിക്കോട് നിലയം പൂർത്തിയാക്കി.

കേരളത്തിന്റെ സാഹിത്യ- സാംസ്കാരിക- കലാ രംഗങ്ങളിൽ മായാമുദ്രകൾ പതിച്ച കോഴിക്കോട് നിലയം 1950 മെയ് 14 ന് വൈകിട്ട് 5-15 ന് സായാഹ്ന പ്രക്ഷേപണത്തോടെയാണ് മലബാറിന്റെ ശബ്ദമായി മാറിയത്. തിരുവനന്തപുരത്തിന് ശേഷം കേരളത്തിലെ രണ്ടാമത്തെ റേഡിയോ നിലയമായി കോഴിക്കോട് ചുവടുറപ്പിച്ചു.

മഹാരഥൻമാരായ പ്രക്ഷേപകരും, കലാപ്രവർത്തകരും, സാങ്കേതിക വിദഗ്ധരും ചേർന്ന് സൃഷ്ടിച്ച സുവർണ കാലത്തിന്റെ ചരിത്രമാണ് 75 വർഷങ്ങളിലെ ശബ്ദതരംഗങ്ങൾ ശ്രോതാക്കൾക്ക് സമ്മാനിച്ചത്. മാധ്യമ രംഗത്തെ വെല്ലുവിളികൾ അതിജീവിച്ച് റേഡിയോ എന്ന വികാരം കേൾവിക്കാരിലേക്ക് പകരുന്ന കോഴിക്കോട് നിലയത്തിന്റെ 75-ാം വാർഷികാഘോഷങ്ങൾ വരുംദിവസങ്ങളിലും തുടരും.

✪✪✪

സംസ്ഥാന കായിക വകുപ്പ് സംഘടിപ്പിക്കുന്ന KICK DRUGS - SAY YES TO SPORTS ലഹരി വിരുദ്ധ സന്ദേശയാത്രയുടെ രണ്ടാം ഘട്ടത്തിന് തിരുവനന്തപുരത്ത് തുടക്കമായി. മന്ത്രി Vഅബ്ദുറഹ്മാൻ ഉദ്ഘാടനം ചെയ്തു. സന്ദേശയാത്രയുടെ ഭാഗമായി മാരത്തോൺ മിനിമാരത്തോൺ, വാക്കത്തോൺ എന്നിവയും സംഘടിപ്പിച്ചിരുന്നു. വൈകിട്ട് സെൻട്രൽ സ്റ്റേഡിയത്തിൽ സന്ദേശയാത്ര സമാപിക്കും.

✪✪✪

ഖേലോ ഇന്ത്യ യൂത്ത് ഗെയിംസ് നാളെ അവസാനിക്കാനിരിക്കെ 47 സ്വർണം സ്വന്തമാക്കി മഹാരാഷ്ട്ര ബഹുദൂരം മുന്നിലെത്തി.

20 സ്വർണമുൾപ്പെട 42 മെഡലുകൾ നേടിയ രാജസ്ഥാൻ രണ്ടാം സ്ഥാനത്തും 17 സ്വർണമടക്കം 57 മെഡലുകൾ നേടിയ ഹരിയാന മൂന്നാം സ്ഥാനത്തുമാണ്.

✪✪✪

അരുണാചൽ പ്രദേശിലെ യൂപ്പിയയിൽ SAFF അണ്ടർ19 ഫുട്ബോൾ ചാമ്പ്യൻഷിപ്പിൽ, ഇന്ത്യ സെമിയിൽ പ്രവേശിച്ചു.

മറ്റന്നാൾ സെമി ഫൈനലിൽ ഗ്രൂപ്പ് A യിലെ രണ്ടാം സ്ഥാനക്കാരായ മാലിദ്വീപിനെ ഇന്ത്യ നേരിടും..

✪✪✪

പയ്യന്നൂരിൽ അഖിലേന്ത്യാ വോളി ബോൾ ടൂർണമെന്റിന്റെ വനിതാ മത്സരത്തിൽ ചെന്നൈ ഇന്റഗ്രൽ കോച്ച് ഫാക്ടറി ഏക പക്ഷീയമായ മൂന്ന് സെറ്റുകൾക്ക് ഇൻകം ടാക്സ് ബെംഗളൂരുവിനെ തോൽപ്പിച്ചു.

ഇന്ന് വനിതാ വിഭാഗത്തിൽ കമ്പയിൻഡ് യൂണിവേഴ്സിറ്റിയും ഇന്റഗ്രൽ കോച്ച് ഫാക്ടറിയും, പുരുഷ വിഭാഗത്തിൽ ഇൻകം ടാക്സ് ചെന്നൈ - KSEB യുമായും മുബൈ സ്പൈക്കേഴ്സ് - കേരളാ പോലീസുമായും ഏറ്റുമുട്ടും.

✪✪✪

പട്ടികജാതി വിദ്യാർത്ഥികൾക്ക് ഉന്നത ജോലികളിൽ വഴികാട്ടിയായി ഗവൺമെന്റ് പദ്ധതിയായ ലക്ഷ്യ. ലക്ഷ്യയിൽ പരിശീലനം ലഭിച്ച രണ്ടു പേർക്ക് സിവിൽ സർവീസിലും ഒരാൾക്ക് കേരള അഡ്മിനിസ്ട്രേറ്റീവ് സർവീസിലും പ്രവേശനം ലഭിച്ചത് പദ്ധതിയുടെ നേട്ടമാണ്.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി തിരുവനന്തപുരം ജില്ലാ പ്രതിനിധി രെജു കോലിയക്കോട്.

.....വോയ്സ്...

രാജ്യത്തിന്റെ ഭരണ നിർവഹണ തലത്തിലേക്ക് പട്ടികജാതി വിഭാഗത്തിലെ മിടുക്കരായ വിദ്യാർത്ഥികളെ എത്തിക്കുക എന്ന ലക്ഷ്യത്തോടെ 2019 ൽ ആണ് ലക്ഷ്യ സ്കോളർഷിപ്പ് പദ്ധതി സംസ്ഥാന സർക്കാർ നടപ്പിലാക്കിയത്. ഈ വർഷം സിവിൽ സർവീസിൽ 835 ആം റാങ്ക് നേടിയ ജി കിരണും 2024 ൽ ഇന്ത്യൻ റവന്യൂ സർവീസ് നേടിയ രവീൻ കെ മനോഹരനും ആണ് ലക്ഷ്യ സഹായത്തോടെ സിവിൽ സർവീസിലെത്തിയത്.

240 പരീക്ഷാർത്ഥികൾക്ക് ഇതുവരെ 4 കോടി 04 ലക്ഷത്തി 56,115 രൂപ സ്കോളർഷിപ്പ് ലക്ഷ്യയിലൂടെ അനുവദിച്ചു. നിലവിൽ 60 പേരുടെ ബാച്ച് പരിശീലനത്തിലാണ്. ലക്ഷ്യ സ്കോളർഷിപ്പിന്റെ സഹായത്തോടെ വിദ്യാർത്ഥികൾ മികച്ച സ്ഥാപനങ്ങളിലാണ് പരിശീലനം നേടുന്നത്. ഐ.സി.എസ്.ഇ.റ്റി.എസ് നടത്തുന്ന എൻട്രൻസ് പരീക്ഷയുടെയും അഭിമുഖത്തിന്റെയും അടിസ്ഥാനത്തിലാണ് വിദ്യാർത്ഥികളെ പരിശീലനത്തിനായി തെരഞ്ഞെടുക്കുന്നത്. സംസ്ഥാനത്തിനു പുറത്തും പരിശീലനം നേടുന്നതിന് അവസരമുണ്ട്.

ഒരു വർഷം 60 പേർക്കാണ് പരിശീലനം. ഇതിൽ 50 പേർക്ക് കേരളത്തിൽ അവർ താൽപര്യപ്പെടുന്ന സ്ഥാപനങ്ങളിൽ പരിശീലനം നൽകും. 10 പേർക്ക് കേരളത്തിന് പുറത്തുള്ള സ്ഥാപനങ്ങളിലാണ് പരിശീലനം. ലക്ഷ്യ സ്കോളർഷിപ്പ് പദ്ധതിയിലെ ആകെ സീറ്റിന്റെ 25 ശതമാനം പട്ടികജാതിയിലെ ദുർബല വിഭാഗങ്ങളായ വേടൻ, നായാടി, അരുന്ധതിയാർ, ചക്കിലിയൻ,

കള്ളാടി വിഭാഗങ്ങൾക്കായി നീക്കിവച്ചിട്ടുണ്ട്. പരിശീലനം നടത്തുന്നതിനുള്ള ആനുകൂല്യങ്ങൾ യഥാർത്ഥ ചെലവുകൾക്ക് വിധേയമായി നൽകും. ഇൻസ്റ്റിറ്റ്യൂട്ട് ഫോർ സിവിൽ സർവീസസ് എക്സാമിനേഷൻ ട്രെയിനിംഗ് സൊസൈറ്റി പ്രിൻസിപ്പലിന്റെ പരിശോധനയുടേയും പഠന പുരോഗതി വിലയിരുത്തലുകളുടേയും അടിസ്ഥാനത്തിലാണ് സ്കോളർഷിപ്പ് അനുവദിക്കുന്നത്.

✪✪✪

പത്തനംതിട്ട പുളിക്കീഴ് ബീവറേജസ് ഔട്ട്ലെറ്റ് കത്തി നശിച്ച സ്ഥലം ബെവ്കോ CMD ഹർഷിത അട്ടല്ലൂരി സന്ദർശിച്ചു. 45000 കെയ്സ് മദ്യം കത്തി നശിച്ചെന്നും 10 കോടിയുടെ നഷ്ടം കണക്കാക്കുന്നതായും അവർ പറഞ്ഞു. തീപിടുത്തത്തെ കുറിച്ച് വിശദമായ അന്വേഷണം നടത്തുമെന്നും സംസ്ഥാനത്തെ എല്ലാ ബെവ്കോ ഗോഡൗണുകളിലും ഫയർ ഓഡിറ്റ് നടത്തുമെന്നും ഹർഷിത അട്ടല്ലൂരി അറിയിച്ചു.

✪✪✪

തിരുവനന്തപുരത്ത് സീനിയർ അഭിഭാഷകന്റെ മർദ്ദനത്തിനിരയായ ജൂനിയർ അഭിഭാഷക ശ്യാമിലി, ബാർ കൗൺസിലിന് പരാതി നൽകി. ശ്യാമിലിയെ മർദ്ദിച്ച ശേഷം ഒളിവിൽ പോയ അഭിഭാഷകൻ ബെയ്‌ലിൻ ദാസിനായി പൊലീസ് തിരച്ചിൽ വ്യാപകമാക്കി. വാക്കു തർക്കത്തിനിടെ മോക് സ്റ്റിക്കുകൊണ്ട് ശ്യാമിലിയെ മർദ്ദിക്കുകയായിരുന്നു. പരിക്കേറ്റ അഭിഭാഷക ജനറൽ ആശുപത്രിയിൽ ചികിത്സയിലാണ്.

✪✪✪

തൃശൂർ പുതുക്കാട് മാർക്കറ്റിൽ ഫ്ലവർ മിൽ കത്തി നശിച്ചു. ലക്ഷങ്ങളുടെ നഷ്ടം കണക്കാക്കുന്നു. ഷോർട്ട് സർക്യൂട്ടാണ് തീപിടുത്തത്തിന് കാരണമെന്നാണ് പ്രാഥമിക നിഗമനം.

✪✪✪

സംസ്ഥാനത്തെ ഹയർസെക്കൻഡറി ഒന്നാം വർഷ പ്രവേശനത്തിന് അപേക്ഷകൾ ഇന്ന് വൈകിട്ട് നാല് മുതൽ സമർപ്പിക്കാം. പൂർണായും
ഓൺലൈനായാണ് പ്രവേശന നടപടികൾ. പൊതുവിദ്യാഭ്യാസ വകുപ്പിന്റെ ഹയർസെക്കൻഡറി വെബ്സൈറ്റ് വഴിയാണ് അപേക്ഷ നൽകേണ്ടത്. സംസ്ഥാനത്തെ എല്ലാ ഹൈസ്കൂളിലും ഹയർസെക്കൻഡറി സ്കൂളിലും ഹെൽപ് ഡെസ്ക് പ്രവർത്തിക്കും. ഈ മാസം 20 വരെ അപേക്ഷ സ്വീകരിക്കും. 24 നാണ് ട്രയൽ അലോട്ട്മെന്റ്. ജൂൺ രണ്ടിന് ആദ്യ അലോട്ട്മെന്റും പത്തിന്

രണ്ടാം അലോട്ട്മെന്റും 16ന് മൂന്നാം അലോട്ട്മെന്റും നടത്തും. ജൂൺ 18ന് ക്ലാസുകൾ ആരംഭിക്കും. ജൂലൈ 23ന് പ്രവേശന നടപടി അവസാനിക്കും.

പട്ടിക ജാതി വികസന വകുപ്പിന് കീഴിലെ ആറ് മോഡൽ റെസിഡൻഷ്യൽ ഹയർസെക്കൻഡറി സ്കൂളിലെ പ്രവേശനം ഈ വർഷം മുതൽ ഏക ജാലക സംവിധാനത്തിലൂടെയാണ്.

✪✪✪

കരിപ്പൂരിൽ നിന്നും കണ്ണൂരിൽ നിന്നുമായി അഞ്ച് വിമാനങ്ങളിൽ 859 തീർത്ഥാടകർ ഇന്ന് ഹജ്ജിന് യാത്ര തിരിക്കും. കരിപ്പൂരിൽ നിന്ന് മൂന്ന് വിമാനങ്ങളും, കണ്ണൂരിൽ നിന്ന് രണ്ട് വിമാനങ്ങളാണ് ഇന്ന് സർവീസ് നടത്തുന്നത്. കോഴിക്കോട് നിന്ന് പുലർച്ചെ 12.40 ന് ആദ്യവിമാനം പുറപ്പെട്ടു. രണ്ടാമത്തെ വിമാനം രാവിലെ 7.40 ന് തിരിച്ചു. വൈകിട്ട് 4-50 നാണ് മൂന്നാമത്തെ സർവീസ്.

കണ്ണൂരിൽ നിന്ന് പുലർച്ചെ നാലിന് ആദ്യ സർവീസും 7.25ന് രണ്ടാമത്തെ സമർവീസും പുണ്യഭൂമിയിലേക്ക് തിരിച്ചു.

✪✪✪

2030-ഓടെ മിൽമയുടെ വിറ്റുവരവ് ലക്ഷ്യം 10,000 കോടി രൂപയാണെന്ന് ചെയർമാൻ K.S മണി കോഴിക്കോട്ട് അറിയിച്ചു. മിൽമ ചെയർമാൻസ് ക്ലബ്ബ്' ഡീലർമാരുടെ യോഗം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. പാലിന്റേയും മൂല്യവർദ്ധിത ഉത്പ്പന്നങ്ങളുടേയും വിൽപ്പന വർധിപ്പിക്കാൻ നൂതന വിപണന തന്ത്രങ്ങൾ മിൽമ ആവിഷ്ക്കരിച്ചു വരികയാണെന്നും ചെയർമാൻ അറിയിച്ചു.

✪✪✪

*News Editor: വി കെ സുരേഷ്*
*News Reader: സയ്യിദ് അലി ശിഹാബ്*
*News Team: അനിൽ ചന്ദ്രൻ*
*DEO: സി കെ സുബോധ്*

आकाशवाणी